## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.17 — 08.02.2016 ലെ മറുപടിയ്ക്ക്

## പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിന് വിനിയോഗിച്ച തുക

**ചോദ്യം**

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 61,47,625/- രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811/- രൂപയും ഫർണിച്ചർ റിപ്പയറിംഗിനും, പോളിഷിംഗിനും 1,62,736/- രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31.12.2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഓഫീസ് | - | 4,41,063/- രൂപ |
| വസതി | - | 2,55,395/- രൂപ |
| മൊബൈൽ ഫോൺ | - | 33,546/- രൂപ |
| ആകെ | | 7,30,004/- രൂപ |

അതിഥി സൽക്കാരത്തിനായി 1,54,798/- രൂപയും, യാത്രാ ബത്ത ഇനത്തിൽ 6,38,680/- രൂപയും ചെലവായിട്ടുണ്ട്.

| | |
|---|---|
| (സി) ഔദ്യോഗിക വസതിയിലേക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ; | (സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി നാളിതുവരെ ആകെ 12,93,472/- രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ